**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ ഗുണഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ 20.05.2022 തീയതിയിലെ സ.ഉ.(കൈ)നം.24/2022/ SCSTDD ഉത്തരവ് പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനും, ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ ജില്ലാ തലത്തിൽ പട്ടികജാതി /പട്ടികവർഗ്ഗ വികസന സ്കീമുകൾ വിലയിരുത്തി വരുന്നുണ്ട്. ഓരോ ജില്ലയിലും പദ്ധതി അവലോകന യോഗങ്ങളിൽ പട്ടികജാതി /പട്ടികവർഗ്ഗ വികസന പദ്ധതികൾ പ്രത്യേകം വിലയിരുത്തുകയും പദ്ധതി വിനിയോഗം കുറഞ്ഞ സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പ്രവർത്തിക്കുന്നുണ്ട്.<br><br>വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനവും സഹായകരമാകുന്നുണ്ട്.<br><br>ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി.അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലെയും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br><br>പദ്ധതി പുരോഗതി വിലയിരുത്തു ന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ മാസംതോറും യോഗങ്ങൾ ചേരുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും പ്ലാൻസ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്.<br><br>ഇതിനു പുറമേ വകുപ്പ്മന്ത്രിയും മുഖ്യമന്ത്രിയും പ്രത്യേകമായി പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നുണ്ട്. |
| (ബി) | പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി | (ബി) | പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | പരിഹരിക്കുന്നതിന് വകുപ്പ് തലത്തിലും, ഡയറക്ടറേറ്റ്തലത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുന്നുണ്ട്.<br><br>പ്ലാൻസ്പേസ് സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും ഫണ്ട് വിനിയോഗം അവലോകനം ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. എല്ലാ മാസവും ജില്ലാ / പ്രോജക്ട്തലത്തിലുള്ള ഉദ്യോഗസ്ഥരുടെ അവലോകനയോഗം നടത്തി ഫണ്ട് വിനിയോഗം കുറഞ്ഞ ശീർഷകങ്ങളെ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ